# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
## ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :2019 ഒക്ടോബർ 26 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കുതിരാൻ ദേശീയപാത: അറ്റകുറ്റപണികൾ ഉടൻ-ബസു ഉടമകൾ സമരത്തിൽ നിന്ന് പിൻമാറണമെന്ന് മന്ത്രി എ സി മൊയ്തീൻ

കുതിരാൻ ദേശീയപാതയിലെ അറ്റകുറ്റപണികൾ അടിയന്തിരമായി തുടങ്ങുമെന്നും അതിനാൽ നവംബർ ഒന്നു മുതൽ നടത്താനിരുന്ന ബസ് സമരത്തിൽ നിന്നും പിൻമാറണമെന്നും ബസ് ഉടമ പ്രതിനിധികളോട് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ അഭ്യർത്ഥിച്ചു. ജില്ലാ കളക്ടറുടെ ചേമ്പറിൽ കളക്ടർ എസ് ഷാനവാസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിലാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. മഴയില്ലെങ്കിൽ കുഴികൾ അടച്ച് രണ്ട് ദിവസത്തിനകം തന്നെ ടാറിങ്ങ് പ്രവർത്തനങ്ങൾ തുടങ്ങുമെന്നും ഇതിനു പുറമേ വലിയ കണ്ടെയ്നർ വാഹനങ്ങൾ വഴി തിരിച്ചു വിടാനോ, രാത്രി പത്ത് മണിക്ക് ശേഷം മാത്രം കുതിരാനിൽ പ്രവേശിപ്പിക്കുവാനോ വേണ്ടുന്ന നടപടികൾ കൈക്കൊള്ളുമെന്നും മന്ത്രി ഉറപ്പ് നൽകി. ബസ് സമരത്തിന് ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പെട്ടെന്ന് തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചാൽ സമരത്തിൽ നിന്നും പിൻമാറുമെന്ന് ബസ് ഉടമ പ്രതിനിധികൾ അറിയിച്ചു. ഇരുമ്പുപാലം വരെയുള്ള 4 കി.മീ പരിധിയിലാണ് അറ്റുകുറ്റപ്പണികൾ പെട്ടെന്ന് തീർക്കേണ്ടതെന്നും അതിനു ശേഷം എൻ എച്ച് 66 ലെ പോലെ കുഴികൾ കോൺക്രീറ്റും മെറ്റലും ചേർത്ത് അടച്ച് റീടാറിങ്ങ് ചെയ്താലേ ബസുകൾക്കും മറ്റു വാഹനങ്ങൾക്കും ഈ നിരത്ത് ഗതാഗതയോഗ്യമാകൂ എന്നും ബസ് ഉടമ ഭാരവാഹികൾ മന്ത്രിയുടെ ശ്രദ്ധിയൽപ്പെടുത്തി. ജനങ്ങളെ ദുരിതത്തിലാക്കിയത് സർക്കാരല്ല എന്നും മന്ത്രി അറിയിച്ചു. ടണൽ തുറക്കണം എന്ന നിർദ്ദേശത്തോട് ടണലിലൂടെ പോകുന്ന വാഹനങ്ങളുടെ പുക പുറത്തു പോകാൻ സൗകര്യമില്ലാത്തതിനാൽ കാർബൺ ശ്വസിച്ച് അപകട സാധ്യത ഏറുമെന്നും മന്ത്രി പറഞ്ഞു. ബസ് ഉടമ പ്രതിനിധികൾ, പീച്ചി-മണ്ണുത്തി പോലീസ് സ്റ്റേഷൻ, മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## കുതിരാൻ ദേശീയപാത : നവംബർ ഒന്നിനകം കുഴികൾ അടയ്ക്കും-ജില്ലാ കളക്ടർ എസ് ഷാനവാസ്

നവംബർ ഒന്നിനകം കുതിരാനിലെ ദേശീയ പാതിയിലെ കുഴികൾ അടയ്ക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു. നവബംർ ഒന്നു മുതൽ പ്രൈവറ്റ് ബസ് ഓണേഴ്സ് പ്രതിനിധികൾ ആഹ്വാനം ചെയ്ത ബസ് സമരത്തിൽ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് ജില്ലാ കളക്ടർ ഇക്കാര്യം അറിയിച്ചത്. അടിയന്തിരമായി ടെണ്ടർ കരാറുക്കാരന് കൈമാറുമെന്നും ആദ്യഘട്ടമെന്ന നിലയിൽ 4 കി.മീ പരിധിയിലെ കുഴികൾ അടച്ച് ടാറിങ്ങ് ഉൾപ്പെടെയുള്ള പണികൾ പൂർത്തീകരിക്കുമെന്നും കളക്ടർ ബസ് ഉടമ പ്രതിനിധികൾക്ക് ഉറപ്പ് നൽകി. മഴ മാറിയാലുടൻ ടാറിങ്ങ് തുടങ്ങുമെന്നും കളക്ടർ അറിയിച്ചു. രണ്ട് ദിവസത്തിനുള്ളിൽ പണികൾ ആരംഭിച്ചാൽ ബസ് സമരത്തിൽ നിന്നും പിൻമാറുമെന്ന് ബസ് ഉടമ പ്രതിനിധികൾ അറിയിച്ചു. സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ ഉള്ള ഏർപ്പാടുകൾ ഉടനടി കൈക്കൊള്ളുമെന്നും നാഷണൽ ഹൈവേ അതോറിറ്റി പ്രതിനിധിയുമായി ഇന്നു തന്നെ സ്ഥലം പരിശോധിച്ച് വേണ്ടുന്ന നടപടികൾ എടുക്കുമെന്നും കളക്ടർ പറഞ്ഞു. തൽക്കാലം ക്വാറി വേസ്റ്റിട്ട് കുഴികൾ നികത്തി. നിരത്ത് ഗതാഗതയോഗ്യമാക്കുമെന്നും കളക്ടർ ഉറപ്പു നൽകി. ബസ് ഉടമ പ്രതിനിധികൾ, പീച്ചി-മണ്ണുത്തി പോലീസ് സ്റ്റേഷൻ, മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് തുടക്കമായി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽക്കുന്നതിനുള്ള നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ് കോളർഷിപ്പ് പദ്ധതിയ്ക്ക് തുടക്കമായി. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെയെത്തിയിട്ടുള്ള ഇ.സി.ആർ വിഭാഗത്തിൽപ്പെട്ട അവിദഗ്ധ തൊഴിലാളികൾ, ഡ്രൈവർമാർ, വീട്ടുജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയരുടെ മക്കൾക്കും നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട പ്രവാസികളുടെ മക്കൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. തിരികെ വന്നിട്ടുള്ളവരുടെ വാർഷിക വരുമാനം പരിധി ഒരു ലക്ഷം രൂപയ്ക്ക് താഴെയായി നിശ്ചയിച്ചിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് നോർക്ക റൂട്ട്സിന്റെ ഇൻഷ്വറൻസ് കാർഡോ, ക്ഷേമനിധി ബോർഡ് അംഗത്വ കാർഡോ ഉണ്ടായിരിക്കണം. ബിരുദാനന്തര ബിരുദ കോഴ്സുകൾ (ആർട്ട്സ്/സയൻസ് വിഷയങ്ങളിൽ), എം.ബി.ബി.എസ്സ്/ബി.ഡി.എസ്/ബി.എച്ച്.എം.എസ്സ്/ബി.എ.എം.സ്സ്/ബിഫാം/ബി.എസ്.സി.നഴ്സിംഗ്/ബി.എസ്.സി.എം.എൽ.റ്റി./എൻജിനീയറിംഗ്/അഗ്രിക്കൾച്ചർ/ വെറ്റിനറി ബിരുദ കോഴ്സുകൾക്ക് ഈ അദ്ധ്യയന വർഷം ചേർന്ന വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

പഠിക്കുന്ന കോഴ്സുകൾക്കുവേണ്ട യോഗ്യത പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുക. ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരിൽ ബിരുദത്തിന് സയൻസ് വിഷയങ്ങൾക്ക് 75 ശതമാനത്തിന് മുകളിലും ആർട്ട്സ് വിഷയങ്ങൾക്ക് 60 ശതമാനത്തിന് മുകളിലും മാർക്ക് കരസ്ഥമാക്കിയവർക്കായിരിക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അർഹത. പ്രൊഫഷണൽ ബിരുദ കോഴ്സിന് പഠിക്കുന്നവർ പ്ലസ്ടുവിന് 75 ശതമാനം മാർക്കിന് മുകളിൽ നേടിയിരിക്കണം. റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളു. കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥപനങ്ങളിൽ പഠിക്കുന്നവർക്കുമായിരിക്കും സ് കോളർഷിപ്പിന് അർഹത.

അപേക്ഷ ഫോറം നോർക്ക റൂട്ട്സിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, 3-ാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695014 വിലസത്തിൽ നവംബർ 30 നകം നൽകണം. വിശദവിവരങ്ങൾ നോർക്ക റൂട്ട്സ് ടോൾ ഫ്രീ നമ്പറായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും.

# ആർദ്രം: ടാഗ്ലൈൻ മത്സരം

ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനുള്ള സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും ഇതിനുസൃതമായി ജനങ്ങളുടെ ജീവിത ശൈലി മാറ്റിയെടുക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ജനകീയ മുന്നേറ്റമാണ് 'ആർദ്രം ജനകീയ ക്യാമ്പെയിൻ. ആരോഗ്യകരമായ ജീവിതശൈലി, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം, ലഹരിക്കെതിരെ ബോധവത്ക്കരണം, ശുചിത്വം, മാലിന്യസംസ്ക്കരണം എന്നിവയാണ് ആർദ്രം ജനകീയക്യാമ്പെയിൻ വഴി പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന മുഖ്യവിഷയങ്ങൾ. ഈ ക്യാമ്പെയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ആരോഗ്യവകുപ്പ് ജില്ലാതല ടാഗ് ലൈൻ മത്സരം സംഘടിപ്പിക്കുന്നു. പ്രായഭേദമന്യേ ആർക്കും പങ്കെടുക്കാം. ഒരാൾക്ക് പരമാവധി അഞ്ച് ടാഗ് ലൈൻ അയക്കാം. ടാഗ് ലൈൻ മലയാള ഭാഷയിൽ അഞ്ച് വാക്കോ അതിൽ കുറവോ ആയിരിക്കണം. ജില്ലാതലത്തിലെ ഒന്ന്, രണ്ട് സ്ഥാനാർഹർക്ക് 1250, 750 രൂപ എന്ന തോതിൽ ക്യാഷ് അവാർഡ് നൽകും. മത്സരത്തിലേക്ക് ലഭിക്കുന്ന സൃഷ്ടികളുടെ പകർപ്പാവകാശം ആരോഗ്യവകുപ്പ് തൃശ്ശൂരിനായിരിക്കും. സൃഷ്ടികൾ ardramcampaigntsr@gmail.com ഇമെയിൽ വഴി ടാഗ് ലൈൻ കോംമ്പറ്റീഷൻ എന്ന് സബ്ജെക്ട് നൽകി പേര്, അഡ്രസ്സ്, ഫോൺ നം. സഹിതം ഒക്ടോബർ 30 നകം ഉച്ച്ക്ക് 12 മണിക്കകം അയക്കണം. ഫോൺ: 9447919179, 9946105782.

# കാൻ തൃശൂർ: സ്ക്രീനിങ് ക്യാമ്പ് ജില്ലാതല ഉദ്ഘാടനം ഇന്ന്

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലാ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ കാൻ തൃശൂരിന്റെ സ്ക്രീനിങ് ക്യാമ്പിന്റെ ജില്ലാതല ഉദ്ഘാടനവും ലോഗോ പ്രകാശനവും ഇന്ന് (ഒക്ടോബർ 27) രാവിലെ ഒൻപതിന് വരന്തരപ്പിള്ളി ലോർഡ്സ് അക്കാദമിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അദ്ധ്യക്ഷത വഹിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന പദ്ധതി വിശദീകരണം നടത്തും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി ആർ ഉദയപ്രകാശൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കലാപ്രിയ സുരേഷ്, പൊതുമരാമത്ത് സ്ഥിരം സമിതി അദ്ധ്യക്ഷ കെ ജെ ഡിക്സൺ, ആരോഗ്യകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷ മഞ്ജുളാരുണൻ, ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷ പത്മിനി ടീച്ചർ തുടങ്ങിയവർ പങ്കെടുക്കും. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജയശ്രീ കൊച്ചുഗോവിന്ദൻ സ്വാഗതവും കാൻ തൃശൂർ നോഡൽ ഓഫീസർ പി കെ രാജു നന്ദിയും പറയും.

# പീപ്പൾസ് ക്യാമ്പെൻ ജില്ലയിൽ നവംബർ ഒന്നിന് തുടക്കം

ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനുള്ള സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായും ജനങ്ങളുടെ ജീവിതശൈലി മാറ്റിയെടുക്കുന്നതിനുമായി സർക്കാർ സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന ആർദ്രം പീപ്പിൾസ് ക്യാമ്പെയ്ൻ നവംബർ ഒന്നുമുതൽ തൃശൂരിൽ തുടങ്ങും. ക്യാമ്പെയിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി ടാഗ് ലൈൻ മത്സരം, ട്രോൾമത്സരം, വിദ്യാർത്ഥികൾക്ക് പോസ്റ്റർ മത്സരം, കാർട്ടൂൺ മത്സരം എന്നിവ സംഘടിപ്പിക്കും.

ഗവ. ഓഫീസുകൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് ബി എം ഐ ചെക്കിങ്, പഞ്ചായത്തുകളിലെ സ്കൂളുകളിലെ ഹെൽത്ത്, സയൻസ് ക്ലബ് അംഗങ്ങൾ അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രം സന്ദർശിച്ച് അവിടത്തെ നൂതന സംവിധാനങ്ങളും മാറ്റങ്ങളും നേരിൽ കണ്ട് വിദ്യാർത്ഥികൾ വഴി സന്ദേശമെത്തിക്കുന്ന എക്സ്പോഷൻ വിസിറ്റും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും. ഒരു വർഷമാണ് ക്യാമ്പെയിന്റെ കാലാവധി.

# അപ്രിന്റീസ് ക്ലാർക്ക് കം ടൈപ്പിസ്റ്റ്

തൃശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിലും കീഴ് ഓഫീസുകളിലും അപ്രിന്റീസ് ക്ലാർക്ക് കം ടൈപ്പിസ്റ്റായി നിയമിക്കുന്നതിന് പട്ടികജാതിയിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രായം 18 നും 40 നും മദ്ധ്യേ. ബിരുദവും ഡിസിഎ അല്ലെങ്കിൽ സിഒപിഎ ആണ് യോഗ്യത. മലയാളം കമ്പ്യൂട്ടിങ് അറിയണം. താൽപര്യമുള്ളവർ പ്രായം, യോഗ്യത തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതമുള്ള അപേക്ഷ നവംബർ ആറിനകം തൃശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഫോൺ: 0487 2360381.

# മണലൂരിലെ റോഡ് അറ്റകുറ്റപണി ഉടൻ തുടങ്ങും

മണലൂർ പ്രദേശത്തു പൊതുമരാമത്തു വകുപ്പിന് കീഴിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണി ഉടൻ ആരംഭിക്കും. ഒരാഴ്ച വെയിൽ നീണ്ടു നിന്നാൽ റോഡ് പണി പൂർത്തിയാക്കാമെന്നു പിഡബ്ലിയുഡി അധികൃതർ അറിയിച്ചു. ടാർ ഉൾപ്പെടെയുള്ള അസംസ്കൃതവസ്തുക്കളും അനുബന്ധ ഉപകരണങ്ങളും ഏനാമാക്കലിൽ സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഗുരുവായൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി അശാസ്ത്രീയമായ രീതിയിൽ കുഴിയെടുത്തതിനെ മുരളി പെരുനെല്ലി എംഎൽ എ വിമർശിച്ചിരുന്നു തുടർന്ന് റോഡ് സഞ്ചാര യോഗ്യമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ മേച്ചേരി പടിയിൽ നിന്നാരംഭിച്ചെങ്കിലും മഴയെത്തുടർന്ന് റോഡുപണി തടസ്സപ്പെട്ടിരുന്നു. മഴമാറിയാൽ ഉടൻതന്നെ കാഞ്ഞാണി തൃശൂർ-വാടാനപ്പിള്ളി അന്തിക്കാട്

പെരിങ്ങോട്ടുകര റോഡുകളും അറ്റകുറ്റപണികൾ നടത്തി സഞ്ചാര യോഗ്യമാക്കുമെന്നു പിഡബ്ലിയുഡി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

## ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന് ഐ എസ് ഒ അംഗീകാരം

സർക്കാർ ഏജൻസിയായ കിലയുടെ മേൽനോട്ടത്തിൽ ഗുണമേന്മക്കുള്ള ആദ്യത്തെ ഐഎസ്ഒ അംഗീകാരത്തിന് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് അർഹമായി. സെർട്ടിഫിക്കേഷൻ പ്രഖ്യാപനചടങ്ങ് പ്രൊഫ. കെ യു അരുണൻ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി എ മനോജ് കുമാർ അധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമാൺ ഐഎസ്ഒ പ്രഖ്യാപനം നടത്തി. ജില്ല പഞ്ചായത്ത് അംഗം ടി ജി ശങ്കര നാരായണൻ ഉപഹാര സമർപ്പണം നടത്തി. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഐഎസ്ഒ ചാർജ് ഓഫീസർ ഷിബു എബ്രഹാം റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സാക്ഷരത കലോത്സവത്തിൽ തുടർച്ചയായി ഒൻപതാം തവണയും ഓവറോൾ കിരീടം നേടാൻ പ്രയത്നിച്ച നോഡൽ പ്രേരക് കെ വി ചന്ദ്രികയെ ആദരിച്ചു. വൈസ് പ്രസിഡന്റ് നളിനി ബാലകൃഷ്ണൻ, മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ പി സി ബാല ഗോപാൽ, സെക്രട്ടറി ഇൻ ചാർജ് സി എ റോബിൻ തുടങ്ങിയവർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്തിനെ പൊതുജന സൗഹാർദ്ദമായി ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് കൊണ്ടുള്ള ഗുണമേന്മ സംവിധാനം ഒരുക്കിയതിന്റെ ഫലമായിട്ടാണ് ഐ എസ് ഒ 9001:2015 അംഗീകാരത്തിന് അർഹമായത്.